"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആയുഷ് വകുപ്പ്- കേരളത്തിന് പുറത്തുള്ള സംസ്ഥാനങ്ങളിൽ ബി.എ.എം.എസ്. പഠനം പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്ക് 2024-25 സാമ്പത്തിക വർഷത്തേക്ക് കൂടി ഇന്റേൺഷിപ്പ് അനുവദിക്കുന്നതിന് ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആയുഷ് (എ) വകുപ്പ്**

സ.ഉ.(സാധാ) നം.111/2024/AYUSH തീയതി,തിരുവനന്തപുരം, 16-03-2024

---

പരാമർശം:- 1. സ.ഉ.(സാധാ) നം. 204/2023/ആയുഷ് തീയതി 09.06.2023

2. ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടറുടെ 20.02.2024 -ലെ DISM/470/2024-G3 നമ്പർ കത്ത്

**ഉത്തരവ്**

പരാമർശം (1) പ്രകാരം കേരളത്തിനു പുറത്തുള്ള സംസ്ഥാനങ്ങളിലെ യൂണിവേഴ്സിറ്റികളിൽ നിന്നും ബി.എ.എം.എസ്. പാസ്സായ വിദ്യാർത്ഥികൾക്ക് കേരളത്തിലെ പരിധിയിലുള്ള ആയുർവേദ ആശുപത്രികളിൽ പ്രതിമാസം 5000/- രൂപ (അയ്യായിരം രൂപ മാത്രം) ഫീസ് ഈടാക്കി ഇന്റേൺഷിപ്പ് നൽകുന്നത് 2023-24 സാമ്പത്തിക വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് നൽകിയും വിദ്യാർത്ഥികളുടെ റൂറൽ പോസ്റ്റിംഗ് കാലാവധി Central Council of Indian Medicine Rules (CCIM Rules) ൽ നിഷ്കർഷിച്ചിട്ടുള്ള കാലാവധിയായി നിജപ്പെടുത്തിയും ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. 2024 ഏപ്രിൽ 1 മുതൽ ലഭിക്കുന്ന ഇന്റേൺഷിപ്പ് അപേക്ഷകൾക്ക് ഓരോന്നിനും സർക്കാരിന്റെ പ്രത്യേക അനുമതി ഉത്തരവ് വാങ്ങേണ്ടതായിട്ടുണ്ടെന്നും ഇത്തരത്തിൽ പ്രത്യേകാനുമതി വാങ്ങുമ്പോൾ വിദ്യാർത്ഥികൾക്ക് ഇന്റേൺഷിപ്പ് ട്രെയിനിംഗിന് കാലതാമസം നേരിടുന്നുവെന്നും ടി കാലതാമസം ഒഴിവാക്കുന്നതിനായി അടുത്ത സാമ്പത്തിക വർഷത്തേക്കുള്ള അനുമതി ലഭ്യമാക്കണമെന്നും ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

3.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) ഉത്തരവിലെ നിബന്ധനകൾ പാലിച്ചുകൊണ്ട് തന്നെ കേരളം ഒഴികെയുള്ള സംസ്ഥാനങ്ങളിലെ യൂണിവേഴ്സിറ്റികളിൽ നിന്നും ബി.എ.എം.എസ്. പഠനം പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്ക് ഭാരതീയ ചികിത്സാ വകുപ്പിന്റെ കീഴിലുള്ള ആയുർവേദ ആശുപത്രികളിൽ പ്രതിമാസം 5000/- രൂപ (അയ്യായിരം രൂപ മാത്രം) ഫീസ് ഈടാക്കി, Central Council of Indian Medicine Rules (CCIM)-ൽ നിഷ്കർഷിച്ചിട്ടുള്ള റൂറൽ പോസ്റ്റിംഗ് കാലാവധി നിജപ്പെടുത്തേണ്ടതാണെന്ന വ്യവസ്ഥ പാലിച്ച് 2024-25 സാമ്പത്തിക വർഷത്തേക്ക് കൂടി ഇന്റേൺഷിപ്പ് അനുവദിക്കുന്നതിന് ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SEEMA S

ജോയിന്റ് സെക്രട്ടറി

ഡയറക്ടർ, ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം

ഡയറക്ടർ, ഭാരതീയ ചികിത്സാ വകുപ്പ്, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം

ഡയറക്ടർ, വെബ് & ന്യൂമീഡിയ(പ്രസിദ്ധീകരണത്തിനായി)

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by

Baiju G

സെക്ഷൻ ഓഫീസർ

Date: 16-03-2024 15:19:54